**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5698</u>** **<u>24-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ജി.സി.ഡി.എ. ജീവനക്കാർക്ക് ഹയർ ഗ്രേഡ് അനുവദിക്കാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.സി.ഡി.എ. ജീവനക്കാരുടെ ആനുപാതിക ഹയർ ഗ്രേഡ്, സമയബന്ധിത ഹയർ ഗ്രേഡ് മുതലായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന വിഷയത്തിൽ പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നം ഇടാത്ത ചോദ്യം നമ്പർ 2396-നുള്ള മറുപടിയും, 26.11.2024 തീയതിയിലെ ഐ.എ3/180/2023/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരമുള്ള മറുപടിയും വ്യത്യസ്തമായതിനാൽ അങ്ങനെയുള്ള നിലപാട് സ്വീകരിച്ചത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; | (എ) | പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നം ഇടാത്ത ചോദ്യം നമ്പർ 2396-നുള്ള മറുപടി നൽകുന്ന കാലയളവിൽ ജി.സി.ഡി.എ. ജീവനക്കാരുടെ ആനുപതിക ഹയർ ഗ്രേഡ്, സമയബന്ധിത ഹയർ ഗ്രേഡ് മുതലായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന വിഷയത്തിൽ സർക്കാർ അന്തിമ തീരുമാനമെടുത്തിരുന്നില്ല. തുടർന്ന് ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ച് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിലാണ് 26.11.2024 തീയതിയിലെ ഐ. എ3/180/2023/ ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരമുള്ള മറുപടി ജിസിഡിഎ സെക്രട്ടറിയ്ക്ക് ലഭ്യമാക്കിയത്. |
| (ബി) | ജി.സി.ഡി.എ.യിലെ സൂപ്രണ്ട് തസ്തികയ്ക്ക് അർഹതപ്പെട്ട ആനുപാതിക ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ജി.സി.ഡി.എ.യിലെ സൂപ്രണ്ട് തസ്തികയ്ക്ക് ആനുപാതിക ഹയർ ഗ്രേഡ് അനുവദിക്കാനാകില്ലെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ